**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 477** **11-06-2024 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് ധോണി റോഡുനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിലുൾപ്പെട്ടിട്ടുള്ള, മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് - ധോണി റോഡിന്റെ പുതുക്കിയ സാമ്പത്തികാനുമതിക്കുള്ള നപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് - ധോണി റോഡിന് 09/11/2018-ലെ PWD006-26-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 12.66 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിരുന്നു. ഇതിനു ശേഷം, പ്രസ്തുത റോഡ് FDR ടെക്നോളജി ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് (27.94 കോടി രൂപ) ധനാനുമതി തുകയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) കിഫ്ബിയ്ക്ക് പ്രൊപോസൽ സമർപ്പിക്കുകയും ചെയ്തു. കിഫ്ബിയുടെ Technical Resource Center ന്റെ മേൽനോട്ടത്തിൽ Plan & Profile Drawing വികസിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽഎസ്റ്റിമേറ്റ് പുതുക്കി ഫയൽ പുനഃസമർപ്പിക്കുവാൻ കിഫ്ബി നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നിർവ്വഹണ ഏജൻസി പുതുക്കിയ proposal പുനഃസമർപ്പിയ്ക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടി സ്വീകരിക്കുന്നതാണ്. ധനാനുമതി ലഭ്യമായതിനു ശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയ്ക്ക് ആരംഭിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (ബി) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് - ധോണി റോഡിന് 09/11/2018-ലെ PWD006-26-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 12.66 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിരുന്നു. ഇതിനു ശേഷം, പ്രസ്തുത റോഡ് FDR ടെക്നോളജി ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് (27.94 കോടി രൂപ) ധനാനുമതി തുകയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) കിഫ്ബിയ്ക്ക് പ്രൊപോസൽ സമർപ്പിക്കുകയും ചെയ്തു. കിഫ്ബിയുടെ Technical Resource Center ന്റെ മേൽനോട്ടത്തിൽ Plan & Profile Drawing വികസിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽഎസ്റ്റിമേറ്റ് പുതുക്കി ഫയൽ പുനഃസമർപ്പിക്കുവാൻ കിഫ്ബി നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നിർവ്വഹണ ഏജൻസി പുതുക്കിയ proposal പുനഃസമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടി സ്വീകരിക്കുന്നതാണ്. ധനാനുമതി ലഭ്യമായതിനു ശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയ്ക്ക് ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ